# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of the 08/25 (230th ) Meeting of the Syndicate held on 24.09.2025 at 11.00 a.m at University Head Quarters, Kalady

**Members Present:**

| | | |
|---|---|---|
| 1. പ്രൊഫ.(ഡോ.) കെ.കെ. ഗീതാകുമാരി<br>വൈസ് ചാൻസലർ, അദ്ധ്യക്ഷ | - | ഒപ്പ് |
| 2. ഡോ. വി. ലിസ്സി മാത്യു, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 3. ഡോ. മിനി ടി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 4. പ്രൊഫ.(ഡോ.) മാത്യൂസ് ടി തെള്ളി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 5. ഡോ. എം. സത്യൻ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 6. ഡോ. ബി. അശോക്, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 7. അഡ്വ. കെ.എസ്. അരുൺകുമാർ, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 8. പ്രൊഫ. കെ ഉണ്ണികൃഷ്ണൻ , സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 9. ഡോ. വിനീത് ആർ എസ്, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 10. ഡോ. എസ് ശ്രീകല ദേവി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 11. ഡോ. സിന്ധു അന്തർജനം, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 12. ശ്രീ അജയൻ സി, അഡീഷണൽ സെക്രട്ടറി,<br>ഉന്നത വിദ്യാഭ്യാസ വകുപ്പ്, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 13. ഡോ. ഓമന പി വി, സിൻഡിക്കേറ്റംഗം | - | ഒപ്പ് |
| 14. ശ്രീ. മിഥുൻ എം, സിൻഡിക്കേറ്റംഗം | - | ഒപ്പ് |

കൂടാതെ ഡോ. മോത്തി ജോർജ്ജ് (രജിസ്ട്രാർ) പങ്കെടുത്തു.

# MAIN AGENDA

## Item No 1

Report of the Vice Chancellor

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

മുൻ നിയമസഭാ സ്പീക്കറും മന്ത്രിയുമായിരുന്ന ശ്രീ. പി.പി. തങ്കച്ചൻ, പീരുമേട് എം.എൽ.എ, ശ്രീ. വാഴൂർ സോമൻ, രസതന്ത്ര ശാസ്ത്രകാരനും, സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടറുമായ ഡോ. സി.വി. രാമചന്ദ്രൻ നായർ, പ്രശസ്ത എഴുത്തുകാരനും സാഹിത്യ വിമർശകനും നിരൂപകനുമായ പ്രൊഫ. എം. കെ. സാനു തുടങ്ങിയവരുടെ നിര്യാണത്തിലും, മറ്റ് രാഷ്ട്രീയ, സാമൂഹിക, കലാ, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

30.07.2025 തീയതിയിലെ 229-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. സർവകലാശാല സിൻഡിക്കേറ്റിലേക്ക് വിദ്യാർത്ഥി പ്രതിനിധിയായി സർക്കാർ നാമനിർദ്ദേശം ചെയ്ത ശ്രീ. മിഥുൻ എം. നെ (ബിരുദാനന്തര ബിരുദ വിദ്യാർത്ഥി, മലയാളം വിഭാഗം, പന്മന പ്രാദേശിക കേന്ദ്രം) സിൻഡിക്കേറ്റിലേക്ക് സ്വാഗതം ചെയ്യുന്നു.
2. സർവകലാശാലയിലെ വിദ്യാർത്ഥി സേവന വിഭാഗം ഡയറക്ടറായി ഫിലോസഫി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ആർ. ശർമിള 2025 ഓഗസ്റ്റ് 4 ന് ചുമതല ഏറ്റെടുത്തു.
3. ചിത്രകലാവിഭാഗം സംഘടിപ്പിച്ച ചിത്രപ്രദർശനം 'ലോർഡ്സ് ആൻഡ് ലാബിരിന്ത്സ്' 2025 ഓഗസ്റ്റ് 05 ന് കാലടി മുഖ്യ കേന്ദ്രത്തിലെ ലളിതകലാ അക്കാദമിയുടെ എക്സിബിഷൻ സെന്ററിൽ നടന്നു. ശങ്കരജയന്തി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച ചിത്രപ്രദർശനത്തിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ നിർവഹിച്ചു.
4. ശ്രീശങ്കരജയന്തി ആഘോഷങ്ങളുടെ രണ്ടാം ഘട്ടം 2025 ഓഗസ്റ്റ് 05, 06 തീയതികളിലായി കാലടി മുഖ്യ കേന്ദ്രത്തിൽ വച്ച് നടന്നു. വൈസ് ചാൻസലർ അധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രൊഫ. എസ്. രംഗനാഥ് (ബംഗളൂരു സർവകലാശാല) മുഖ്യ പ്രഭാഷണം നടത്തി. ആഘോഷങ്ങളുടെ ഭാഗമായി നടന്ന അക്കാദമിക് സെമിനാർ പ്രൊഫ. ലക്ഷ്മികാന്തപതി (ഫിലോസഫി വിഭാഗം, ബംഗാൾ സർവകലാശാല) പ്രത്യേക പ്രഭാഷണം നടത്തി.
5. സർവകലാശാലയുടെ മുഖ്യകേന്ദ്രത്തിൽ നിലവിലുള്ള കളിസ്ഥലത്ത് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി 2025 ഓഗസ്റ്റ് 8-ാം തീയതി കേരള ക്രിക്കറ്റ് അസോസ്സിയേഷൻ പ്രതിനിധികളുമായി സർവകലാശാല ചർച്ച നടത്തി. യോഗത്തിൽ വൈസ് ചാൻസലർ, രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, സിൻഡിക്കേറ്റ് അംഗം അഡ്വ കെ.എസ്. അരുൺകുമാർ, ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പ് മേധാവി ഡോ. ദിനു എം.ആർ, ജോയിന്റ് രജിസ്ട്രാർ ശ്രീ. സുഖേഷ് കെ. ദിവാകർ, ശ്രീ. ജയേഷ് ജോർജ്ജ് (പ്രസിഡന്റ്, കെ.സി.എ) ശ്രീ. വിനോദ്കുമാർ എസ്(സെക്രട്ടറി, കെ.സി.എ) എന്നിവർ പങ്കെടുത്തു.

6. 2025 ലെ സ്വാതന്ത്ര്യ ദിനാഘോഷവുമായി ബന്ധപ്പെട്ട് സർവകലാശാല ആസ്ഥാനത്ത് ഓഗസ്റ്റ് 15 –ാം തീയതി പ്രൊഫസർ ഇൻചാർജ്ജ് ഓഫ് എക്സാമിനേഷൻസ് ദേശീയ പതാക ഉയർത്തി. എൻ.സി.സി കേഡറ്റുകളും സെക്യൂരിറ്റി വിഭാഗവും പരേഡ് നടത്തി.

7. സംസ്ഥാന സർക്കാരിന്റെ വിജ്ഞാനകേരളം പദ്ധതിയുടെ ആഭിമുഖ്യത്തിൽ കെ ഡിസ്കുമായി സഹകരിച്ച് 2025 ഓഗസ്റ്റ് 19 –ാം തീയതി സർവകലാശാലയുടെ കാലടി മുഖ്യകേന്ദ്രത്തിൽ കരിയർ ഓറിയന്റേഷൻ ക്ലാസ്സ് എടുത്തു. വിജ്ഞാനകേരളം ഉപദേഷ്ടാവും മുൻ ധനമന്ത്രിയുമായ ഡോ. ടി.എം. തോമസ് ഐസക് സെമിനാർ ഉദ്ഘാടനം ചെയ്തു. വൈസ് ചാൻസലർ അധ്യക്ഷത വഹിച്ച ചടങ്ങിൽ കേരള നോളജ് ഇക്കോണമി മിഷൻ ഡയറക്ടർ ഡോ. പി.എസ്. ശ്രീകല പദ്ധതി അവതരണം നടത്തി. നൂർ സ്കിൽഡ് സ്ഥാപകനും ചീഫ് കോച്ചുമായ മുഹമ്മദ് പി. ഹാഷിം കരിയർ ഓറിയന്റേഷൻ സെമിനാർ സംഘടിപ്പിച്ചു. സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ കെ.എസ്. അരുൺകുമാർ, ശ്രീ. ആർ അജയൻ, രജിസ്ട്രാർ മോത്തി ജോർജ്ജ്, സർവകലാശാല യൂണിയൻ ചെയർപേഴ്സൺ ശ്രീ. പി.എം അശ്വന്ത്, യൂണിയൻ എക്സിക്യൂട്ടീവ് അംഗം കുമാരി കുസുമം കുറവത്ത് എന്നിവർ സംസാരിച്ചു.

8. സർവകലാശാലയും കോട്ടയ്ക്കൽ ആര്യവൈദ്യശാലയും ചേർന്ന് 2025 ഓഗസ്റ്റ് 20 –ാം തീയതി സംഘടിപ്പിച്ച 'ആദരാർപ്പണം' പരിപാടിയിൽ പണ്ഡിത ദമ്പതികളായ ഡോ. കെ.ജി. പൗലോസ്, പ്രൊഫസർ ടി. സരള എന്നിവരെ വൈസ് ചാൻസലർ ആദരിച്ചു. വൈസ് ചാൻസലർ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ കോട്ടയ്ക്കൽ ആര്യവൈദ്യശാലയിലെ മാനേജിങ് ട്രസ്റ്റിയും ചീഫ് ഫിസിഷ്യനുമായ ഡോ. പി.എം. വാരിയർ മുഖ്യാതിഥിയായി. 'കൈക്കുളങ്ങര രാമവാരിയർ - പ്രജ്ഞയും പ്രതിഭയും' എന്ന പുസ്തകത്തിന്റെ പ്രകാശനം ഡോ. കെ. ജി പൗലോസ് നിർവഹിച്ചു. സിൻഡിക്കേറ്റ് അംഗവും ആയുർവേദ വിഭാഗം പ്രൊഫസർ ഇൻചാർജ്ജുമായ ഡോ. എം. സത്യൻ അധ്യക്ഷത വഹിച്ചു.

9. സർവകലാശാലയിലെ സെന്റർ ഫോർ സ്റ്റുഡന്റ് സ്റ്റഡീസും, എസ്.എൻ.ഡി.പി പബ്ളിക് ലൈബ്രറി കാലടിയും സംയുക്തമായി 2025 സെപ്റ്റംബർ 3 ന് Pandit Ayyothee Thadar and Modern Budhism in India എന്ന വിഷയത്തിൽ ഓൺലൈനായി ഇന്റർനാഷണൽ സെമിനാർ സംഘടിപ്പിച്ചു. Dr. Dickens Leonard (IIT, Delhi) മുഖ്യ പ്രഭാഷണം നടത്തി.

10. നാല് വർഷ ബിരുദ പ്രോഗ്രാമിന്റെ പുരോഗതി വിലയിരുത്തുന്നതിനായി ബഹു. ഉന്നത വിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 2025 സെപ്റ്റംബർ 11 ന് തൃശ്ശൂരിൽ സംഘടിപ്പിച്ച യോഗത്തിൽ പ്രൊഫസർ ഇൻചാർജ്ജ് ഓഫ് എക്സാമിനേഷൻസ്, രജിസ്ട്രാർ, ഡോ. കെ.എം. സംഗമേശൻ എന്നിവർ പങ്കെടുത്തു.

11. സൈക്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ ആത്മഹത്യ പ്രതിരോധ ദിനത്തോട് അനുബന്ധിച്ച് 2025 സെപ്റ്റംബർ 10 ന് സെമിനാറും തെരുവു നാടകവും സംഘടിപ്പിച്ചു. Creating Hope through action എന്ന വിഷയത്തിൽ ഡോ. ജിത ജി. (Specialist, Psychiatry and Behavioral Medicine, Kimshealth, Thiruvananthapuram) പ്രഭാഷണം നടത്തി.

12. പയ്യന്നൂർ പ്രാദേശിക കേന്ദ്രത്തിൽ ശ്രീ ശങ്കര ജയന്തി ദിനാചരണം 2025 സെപ്റ്റംബർ 11 ന് സംഘടിപ്പിച്ചു. സംസ്കൃത ഭാഷ - പ്രസക്തിയുടെ പ്രത്യേകതകളും എന്ന വിഷയത്തിൽ ഡോ. ഇ. ശ്രീധരൻ ( റിട്ട. പ്രൊഫസർ, എസ്.എസ്.യു.എസ്) മുഖ്യ പ്രഭാഷണം നടത്തി.

13. സംസ്കൃത സാഹിത്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഡോ. എം.എസ് മേനോൻ ജന്മശതാബ്ദി അനുസ്മരണവും, സ്മാരക പ്രഭാഷണവും 2025 സെപ്റ്റംബർ 12 ന് കാലടി മുഖ്യകേന്ദ്രത്തിൽ സംഘടിപ്പിച്ചു. ഡോ. ധർമ്മരാജ് അടാട്ട് (മുൻ വൈസ് ചാൻസലർ, എസ്.എസ്.യു.എസ്), ഡോ. പി.വി രാമൻകുട്ടി ( മുൻ സിൻഡിക്കേറ്റ് അംഗം, എസ്.എസ്.യു.എസ്) എന്നിവർ മുഖ്യ പ്രഭാഷണം നടത്തി.

14. തിരുവന്തപുരം പ്രാദേശിക കേന്ദ്രത്തിൽ ശ്രീ ശങ്കര ജയന്തി ദിനാചരണം 2025 സെപ്റ്റംബർ 15 ന് സംഘടിപ്പിച്ചു. ഉപനിഷദ്ദർശനത്തിന്റെ സാമൂഹിക മാനങ്ങൾ എന്ന വിഷയത്തിൽ ഡോ. ജോയ് വാഴയിൽ (മുൻ ചീഫ് സെക്രട്ടറി) മുഖ്യ പ്രഭാഷണം നടത്തി.

15. കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള State Level Quality Assurance Cell (SLQAC) ന്റെ നേതൃത്വത്തിൽ 2023 ഫെബ്രുവരി 1 മുതൽ മികച്ച NIRF A ഗ്രേഡുകൾ അല്ലെങ്കിൽ മികച്ച NIRF റാങ്കുകളും നേടിയ കേരളത്തിലെ തിരഞ്ഞെടുത്ത സർവകലാശാലകളെ അനുമോദിക്കുന്നതിന് 2025 സെപ്റ്റംബർ 15, 16 തിയതികളിലായി തിരുവന്തപുരത്തുവച്ച് സംഘടിപ്പിച്ച Excellentia 2025 പരിപാടിയിൽ സർവകലാശാലയെ പ്രതിനിധീകരിച്ച് വൈസ് ചാൻസലറും, സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. സിന്ധു അന്തർജനം ഡി, ഡോ. വിനീത് ആർ എസ്, ഐക്യുഎസി ഡയറക്ടറും പങ്കെടുത്തു.

16. സംസ്ഥാന ആസൂത്രണ ബോർഡിന്റെ ആഭിമുഖ്യത്തിൽ Institutionalization of Gender responsive Budgeting in Kerala എന്ന വിഷയത്തിൽ 2025 സെപ്റ്റംബർ 16 ന് തിരുവനന്തപുരത്തുവച്ച് സംഘടിപ്പിച്ച ഏകദിന ശില്പശാലയിൽ സർവകലാശാലയെ പ്രതിനിധീകരിച്ച് രജിസ്ട്രാർ, ഫിലോസഫി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ഫൈസൽ എൻ.എം എന്നിവർ പങ്കെടുത്തു.

17. പ്രൊഫ. എസ്. വെങ്കിടകൃഷ്ണൻ എൻഡോവ്മെന്റ് പ്രഭാഷണം സാഹിത്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ 2025 സെപ്റ്റംബർ 18 ന് കാലടി മുഖ്യകേന്ദ്രത്തിൽ സംഘടിപ്പിച്ചു.

18. മലയാള വിഭാഗവും വിദ്യാർത്ഥി കൂട്ടായ്മയായ മലയാണ്മയും ചേർന്ന് കാലടി മുഖ്യ കേന്ദ്രത്തിൽ 2025 സെപ്റ്റംബർ 23 ന് 'ഒ.വി വിജയൻ വര എഴുത്തിലേക്ക്' എന്ന വിഷയത്തിൽ ഏകദിന ലക്ച്ചർ ഡെമോൺസ്ട്രേഷൻ സംഘടിപ്പിച്ചു. ഇന്ത്യൻ എക്സ്പ്രസ്സിന്റെ ചീഫ് പൊളിറ്റിക്കൽ കാർട്ടൂണിസ്റ്റ് ശ്രീ. ഇ.പി ഉണ്ണി മുഖ്യപ്രഭാഷണം നടത്തി.

19. ഉന്നത വിദ്യാഭ്യാസ മേഖലയിലെ 2025-27 വർഷത്തെ വാർഷിക പ്ലാൻ ചർച്ചചെയ്യുന്നതിനായി 2025 സെപ്റ്റംബർ 24 ന് സംസ്ഥാന ആസൂത്രണ ബോർഡ് സംഘടിപ്പിക്കുന്ന യോഗത്തിൽ സർവകലാശാലയെ പ്രതിനിധീകരിച്ച് ഫിനാൻസ് ഓഫീസറും, പ്ലാനിംഗ് & ഡവലപ്മെന്റ് ഡയറക്ടറും പങ്കെടുക്കുന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

20. ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിൽ ശ്രീ ശങ്കരജയന്തി ആഘോഷങ്ങൾ 2025 സെപ്റ്റംബർ 23, 24 തീയതികളിലായി സംഘടിപ്പിച്ചു. ഡോ. കെ.പി. ഉണ്ണികൃഷ്ണൻ (റിട്ട. പ്രൊഫസർ, എൻ.എസ്.എസ്. കോളേജ്, പന്തളം) മുഖ്യ ഭാഷണം നടത്തി.

21. സർവകലാശാലയിലെ ആയുർവേദ വിഭാഗം, കേരള ആയുർവേദ ലിമിറ്റഡ്, ദി ലീല റാവിസ്, പോൾ ജോൺ റിസോർട്സ് എന്നീ വ്യവസായ സ്ഥാപനങ്ങളുമായി ധാരണാപത്രത്തിൽ ഒപ്പിട്ടു. ആയുർവേദ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വ്യവസായിക പരിശീലനം,

പ്ലേസ്മെന്റ് എന്നിവ നൽകുന്നതുമായി ബന്ധപ്പെട്ടുള്ള ധാരണാപത്രം ഡോ. കെ അനിൽ കുമാർ (കേരള ആയുർവേദ ലിമിറ്റഡ്) പി.ജെ.വിഷ്ണു (പോൾ ജോൺ റിസോർട്സ്) എന്നിവർ സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. ആർ. അജയൻ, ഡോ. ലിസ്സി മാത്യു, ഡോ. ജേക്കബ് തോമസ് പുതുപ്പള്ളിൽ (അഡ്ജന്റ് ഫാക്കൽറ്റി, ആയുർവേദ വിഭാഗം) എന്നിവർക്ക് കൈമാറി.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

**Item No:2**

Award of Ph.D Degree

a) Smt. Nadam P S in Psychology [No. EA/PhD/820/SSUS/2023]

b) Smt. Priya P R in Sanskrit Vyakarana [No. EA/PhD/807/SSUS/2023]

c) Smt. Leya Mathew in Psychology [No. EA/PhD/813/SSUS/2023]

d) Smt. Anju J in Sanskrit Vedanta [No. EA/PhD/859/SSUS/2024]

e) Smt. Keerthy Mary Francis in Sanskrit Sahitya [No. EA/PhD/863/SSUS/2024]

f) Smt. Keerthana V V in Sanskrit Nyaya [No. EA/PhD/856/SSUS/2024]

g) Sri. Shaiju K in Malayalam [No. EA/PhD/853/SSUS/2024]

h) Smt. Soumya P K in Translation Studies [No. EA/PhD/847/SSUS/2024]

i) Smt. Soumya R Nair in Music [No. EA/PhD/858/SSUS/2024]

j) Sri. Devahar V in Sanskrit Sahitya [No. EA/PhD/862/SSUS/2023]

k) Smt. Smitha K P in Malayalam [No. EA/PhD/834/SSUS/2024]

l) Sri. Rakesh K in Philosophy [No. EA/PhD/884/SSUS/2025]

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, the Standing Committee on Examination held on 08.09.2025 has recommended to award Ph.D to following Research Scholars on the date of Viva Voce held as noted against each.

| Sl. No. | Name | Faculty | Date of Viva Voce |
|---|---|---|---|
| a) | Nadam P S | Science, Technology & Education | 29.04.2025 |
| b) | Priya P R | Sanskrit Grammar | 03.05.2025 |

| | | | |
|---|---|---|---|
| c) | Leya Mathew | Science, Technology & Education | 09.05.2025 |
| d) | Anju J | Indian Metaphysics | 10.06.2025 |
| e) | Keerthy Mary Francis | Sanskrit Literature | 12.06.2025 |
| f) | Keerthana V V | Indian Logic | 05.06.2025 |
| g) | Shaiju K | Indian Languages | 27.06.2025 |
| h) | Soumya P K | Indian Languages | 30.06.2025 |
| i) | Soumya R Nair | Art and Social Sciences | 16.07.2025 |
| j) | Devahar V | Sanskrit Literature | 18.07.2025 |
| k) | Smitha K P | Indian Languages | 15.07.2025 |
| l) | Rakesh K | Art & Social Sciences | 21.08.2025 |

a) Smt. Nadam P S. Research Scholar in Psychology under the Faculty of Science, Technology and Education Ph.D. thesis titled, **"The Efficacy of Music and Play Therapy in the Management of Autism"** under the guidance of Dr. H Sylaja, Professor, Department of Psychology, University of Kerala (former faculty of SSUS, kalady)

b) Smt. Priya P R Research Scholar in Sanskrit Vyakarana under the Faculty of Sanskrit Grammar Ph.D thesis titled **" Mahabhasye Pancahnikanam Samiksanam"** under the guidence of Dr. M Manimohanan, Professor (Rtd), Department of Sanskrit Vyakarana, SSUS, Kalady

c) Smt. Leya Mathew, Research scholar in Psychology under the Faculty of Science Technology & Education Ph.D. thesis titled, **"Psychological Correlates of Video game Addiction Among Adolescents"** under the guidance of Dr. H Sylaja, Professor, Department of Psychology, University of Kerala (formerly SSUS, kalady)

d) Smt. Anju J Research scholar in Sanskrit Vedanta under the Faculty of Indian Metaphysics Ph.D. thesis titled, **"Nyāyamakarandasya Samīkṣātmakamadhyayanam",** under the guidance of Dr. K V Suresh Department of Sanskrit Vedanta, SSUS, Kalady.

e) Smt. Keerthy Mary Francis, Research scholar in Sanskrit Sahitya under the Faculty of Sanskrit Literature Ph.D. thesis titled,**"Glimpses of Historical Elements about Hammīradeva** in Sanskrit Literature",under the guidance of Dr. T Mini, Professor, Department of Sanskrit Sahitya, SSUS, kalady.

f) Smt. Keerthana V V, Research scholar in Sanskrit Nyaya under the Faculty of Indian Logic Ph.D. thesis titled, **“Sarvadevasūrī’s Pramāṇamañjarī-A Critical Study”,** under the guidance of Dr. V Vasudevan, Professor (Retd.), Department of Nyaya, SSUS, Kalady.

g) Sri. Shaiju K, Research scholar in Malayalam under the Faculty of Indian Languages Ph.D. thesis titled, **“ജനപ്രിയതയുടെ നിർമ്മിതി - സിനിമാ പ്രസിദ്ധീകരിണങ്ങളെ മുൻനിർത്തിയുള്ള പഠനം.”** under the guidance of Dr. Sushama L, Professor (Retd.), Department of Malayalam, SSUS, RC, Tirur.

h) Smt. Soumya P K, Research scholar in Translation Studies under the Faculty of Indian Languages Ph.D. thesis titled, **“Local Feminist Issues in a Global Canvas: The Translated Works of Sarah Joseph and K. R. Meera”.** under the guidance of Dr. Poornima H, Professor , Department of Sanskrit General, SSUS, Kalady.

i) Smt. Soumya R Nair, Research scholar in Music under the Faculty of Art and Social Sciences Ph.D. thesis titled, **“An Analytical Study of the rāga Kalyāṇi through the Compositions of Trinity.”** under the guidance of Dr. Preethy K, Associate Professor , Department of Music, SSUS, Kalady.

j) Sri. Devahar V, Research scholar in Sanskrit Sahitya under the Faculty of Sanskrit Literature Ph.D. thesis titled, **“The Measurement System in Vāstuvidyā : A Critical Analysis”.** under the guidance of Dr. Pushpadasan Kuniyil, Professor, Department of Sanskrit Sahitya, SSUS, Kalady.

k) Smt. Smitha K P, Research scholar in Malayalam under the Faculty of Indian Languages Ph.D. thesis titled, **“ബാലപ്രസിദ്ധീകരണങ്ങൾ : പ്രതിനിധാനങ്ങളും പാഠാന്തര ബന്ധങ്ങളും",** under the guidance of Dr. P Pavithran, Professor (Retd.), Department of Malayalam, SSUS, RC, Tirur.

l) Sri. Rakesh K, Research scholar in Philosophy under the Faculty of Art & Social Sciences Ph.D. thesis titled, **“The Prospects of Inclusive Democracy in a Multicultural Society : A Philosophical Study in the Context of Kerala Renaissance”,** under the guidance of Dr. Syamala K, Associate Professor , Department of Philosophy, SSUS, Kalady.

## Item No 3

ശ്രീശങ്കരാചാര്യ അന്താരാഷ്ട്രപഠനകേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ഡയറക്ടറുടെ പ്രവർത്തനത്തെയും കാലാവധിയെയും കുറിച്ചും പഠിക്കുന്നത് - സംബന്ധിച്ച്. (No. 02889/ ISSS1/ SSUS/2024(1))

ഡോ. ശ്രീകല എം. നായർ നെ റിട്ടയർമെന്റ് വരെ / 5 വർഷം പൂർത്തിയാക്കുന്നതുവരെ തുടരാൻ അനുവദിക്കുവാൻ തീരുമാനിച്ചു.

## Item No 4

UG/PG/PhD Admission Manual – അംഗീകരിക്കുന്നത് - സംബന്ധിച്ച്. (No. 00782/ ACDB2/ SSUS/ 2025(1))

അടുത്ത സിൻഡിക്കേറ്റിൽ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുവാൻ തീരുമാനിച്ചു.

## Item No. 5

04.04.2025 ലെ FYUGP കമ്മിറ്റി കൺവീനർമാരുടെ യോഗത്തിൽ FYUGP പ്രോഗ്രാമുകളുടെ പരീക്ഷ പുനഃമൂല്യനിർണയം സംബന്ധിച്ച തീരുമാനം. (No. 00284/ACDB1/SSUS/2024(2))

21.08.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പ്രകാരം, ഡിപ്പാർട്ടുമെന്റുതലത്തിൽ മൂല്യനിർണ്ണയം നടത്തുന്ന പരീക്ഷ പേപ്പറുകളുടെ പുനർമൂല്യനിർണ്ണയവും ഡിപ്പാർട്ടുമെന്റ് തലത്തിൽ തന്നെ നടത്തുവാൻ തീരുമാനിച്ചു. ഡിപ്പാർട്ടുമെന്റ് തല FYUGP കമ്മിറ്റികൾ ഈ കാര്യങ്ങളിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഡിപ്പാർട്ടുമെന്റ് തലത്തിൽ തീരുമാനമാകാത്ത വിഷയം FYUGP ഡയറക്ടറേറ്റിന്റെ Redressal Committee പരിഗണിക്കേണ്ടതാണ്. സർവകലാശാല തലത്തിൽ നടത്തുന്ന 4,6,8 സെമസ്റ്റർ പരീക്ഷകളുടെ മൂല്യനിർണ്ണയം പരീക്ഷാവിഭാഗം ശിപാർശ ചെയ്യുന്ന പുനർ മൂല്യനിർണ്ണയരീതിയിൽ നടപ്പിലാക്കുവാനും തീരുമാനിച്ചു. FYUGP വിദ്യാർത്ഥികൾ ആവശ്യപ്പെട്ടാൽ പരീക്ഷാഫലം പ്രസിദ്ധീകരിച്ച് 45 ദിവസത്തിനുള്ളിൽ പുന:പരീക്ഷ നടത്തുവാൻ തീരുമാനിച്ചു.

## Item No. 6

2024 പ്രവേശനം വിദ്യാർത്ഥികൾക്ക് മെറിറ്റ് സ്കോളർഷിപ്പ് അനുവദിക്കുന്നത് സംബന്ധിച്ച്. (No. 03368/ACDC2/SSUS/2024(2))

21.08.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെയും, 22.09.2025 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് കമ്മിറ്റിയുടേയും ശിപാർശ പ്രകാരം, 2024 പ്രവേശനം വിദ്യാർത്ഥികൾക്ക് മെറിറ്റ് സ്കോളർഷിപ്പ് അനുവദിക്കുന്നത് അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No. 7**

സഹ എഴുത്തുകാരുള്ള പ്രസിദ്ധീകരണങ്ങളുടെ അംഗീകാരം സംബന്ധിച്ച് (No. 01028/ ACDA3/ SSUS/2025(1))

21.08.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പ്രകാരം, 2017 ഗവേഷണ റെഗുലേഷനിൽ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് first author, second author എന്നിങ്ങനെ തിരിച്ചിട്ടില്ലാത്തതിനാൽ ഗവേഷണവിഷയവുമായി ബന്ധപ്പെട്ട് ഗവേഷകൻ പ്രസിദ്ധീകരിക്കുന്ന മൗലിക രചനകൾ മാത്രമാണ് പരിഗണിക്കേണ്ടത് എന്നതിനാൽ ഇക്കാര്യം Ph.D Regulation Committee പരിശോധിച്ച് വേണ്ട ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചു.

**Item No. 8**

ഇന്റേൺഷിപ്പിന് 300 രൂപ ഫീസ് ഈടാക്കിയത്- സാധൂകരണം സംബന്ധിച്ച്. (No. 01526/ ACDC2/ SSUS/2025(1))

സാധൂകരിക്കുവാൻ തീരുമാനിച്ചു.

**Item No. 9**

പന്മന പ്രാദേശികകേന്ദ്രം (2024 അഡ്മിഷൻ) എം എ മലയാളം (2024 അഡ്മിഷൻ) വിദ്യാർത്ഥിനി ഷബാന നിസാർ (24PA03MA16) -ന്റെ തുടർ പഠനം- സംബന്ധിച്ച്. (No. 03485/ACDB2/SSUS/2024(1))

21.08.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പ്രകാരം, ഷബാന നിസാർ 2025-26 ൽ അഡ്മിഷൻ എടുത്ത സാഹചര്യത്തിൽ ഈ വിഷയം പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

**Item No. 10**

ബി എഫ് എ പ്രോഗ്രാമുകളുടെ പ്രവേശനത്തിനായി എസ് സി/ എസ് ടി അപേക്ഷകരുടെ പ്രായപരിധി ഉയർത്തുന്നത് - സംബന്ധിച്ച്. (No. 01831/ACDC2/SSUS/2025 (1))

21.08.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പ്രകാരം, 2025-26 ലെ ബി എഫ് എ പ്രോഗ്രാമുകളുടെ പ്രവേശനത്തിനായി എസ് സി/ എസ് ടി അപേക്ഷകരുടെ പ്രായപരിധി 2 വർഷം ഉയർത്തിയത് സാധൂകരിക്കുന്നതിനും പ്രസ്തുത നിബന്ധന BFA റഗുലേഷനിൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചു.

**Item No.11**

21.05.2025 തീയതിയിൽ നടന്ന 226 മത് സിൻഡിക്കേറ്റ് യോഗനടപടിച്ചുരുക്കം മെയിൻ അജൻഡ ഐറ്റം നമ്പർ 12 പ്രകാരം 2018 നോട്ടിഫിക്കേഷൻ പ്രകാരം പ്രവേശനം നേടിയ ഗവേഷകരുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പ്രബന്ധ സമർപ്പണത്തിനുള്ള കാലാവധിക്കായി ഒരു കട്ട് ഓഫ് തീയതി നിശ്ചയിക്കുന്നത് സംബന്ധിച്ച്. (No. 04296/ ACDA3/SSUS/2024 (1))

21.08.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പ്രകാരം, 2018 നോട്ടിഫിക്കേഷൻ പ്രകാരം പ്രവേശനം നേടിയ ഗവേഷകരുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പ്രബന്ധ സമർപ്പണത്തിനുള്ള കാലാവധി 2026 ഡിസംബർ 31 വരെയായി നിശ്ചയിക്കുന്നതിനു തീരുമാനിച്ചു.

**Item No.12**

2020 അഡ്മിഷൻ എം.ഫിൽ ഫിലോസഫി വിഭാഗം വിദ്യാർത്ഥിയായ Aswathi K Raj-ന്റെ എംഫിൽ ഡെസേർട്ടേഷൻ സമർപ്പിക്കുന്നതിന് അനുമതി നല്കണമെന്ന അപേക്ഷ പരിഗണിക്കുന്നതു സംബന്ധിച്ച്. (No. 01872/ACDA3/SSUS/2025 (1))

21.08.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പ്രകാരം, ഡിസർട്ടേഷൻ, വാല്യുവേഷൻ മുതലായ ചിലവുകൾ സർവകലാശാലയ്ക്ക് വരുന്നതിനാൽ ഡിസർട്ടേഷൻ സബ്മിഷൻ ഫീസ് കൂടാതെ 5000/- രൂപ ഈടാക്കി ഡെസർട്ടേഷൻ സമർപ്പിക്കുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു.

**Item No.13**

അദാലത്തിൽ പങ്കെടുത്ത ഗവേഷകയായ സുജ ബക്കർ പ്രബന്ധ സമർപ്പണ അപേക്ഷയോടൊപ്പം ഫൈനൽ ആർ. എ. സി. മിനിട്സ് സമർപ്പിക്കാത്തത് സംബന്ധിച്ച്. (NO. 04327/ACDA3/SSUS/2024 (1))

21.08.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പ്രകാരം, റിസർച്ച് അഡ്വൈസറി കമ്മിറ്റി കൂടുന്നതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ സമർപ്പിക്കുവാനും, പരിഹാരം നിർദ്ദേശിക്കുവാനും വകുപ്പുമേധാവിയോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചു.

**Item No.14**

05.02.2025 തീയതിയിലെ 223 മത് സിൻഡിക്കേറ്റ് യോഗനടപടിച്ചുരുക്കം മെയിൻ അജൻഡ ഐറ്റം നമ്പർ 18 പ്രകാരം പി എച്ച് ഡി കോർ കമ്മിറ്റി മീറ്റിംഗിലെ ശിപാർശ സിൻഡിക്കേറ്റിന്റെ അംഗീകാരം ലഭിക്കുന്നത് സംബന്ധിച്ച്. (No. 04178/ ACDA3/ SSUS/ 2024(1))

21.08.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പ്രകാരം, 29.05.2025 ലെ Ph.D കോർ കമ്മിറ്റിയുടെ ശിപാർശ അംഗീകരിക്കുവാനും, കോവിഡ് ആനുകൂല്യം ഉൾപ്പെടെ 31.12.2024 ൽ കാലാവധി അവസാനിച്ച 2015 റെഗുലേഷൻ ബാധകമായ ഗവേഷകരുടേയും 2017 റെഗുലേഷൻ ബാധകമായ ആദ്യ ബാച്ചിന്റേയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഫീസ് ഒടുക്കി പ്രബന്ധം സമർപ്പിക്കുന്നതിന് 25000/- രൂപ പിഴയോടെ 31.12.2025 വരെ സമയം അനുവദിച്ചശേഷം രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്നും തീരുമാനിച്ചു. കൂടാതെ താഴെ കൊടുത്തിരിക്കുന്ന തീരുമാനങ്ങൾ നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചു.

1. പിഎച്ച്.ഡി കോഴ്സിന്റെ സുഗമമായ പ്രവർത്തനത്തിന് റിസർച്ച് ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ തീരുമാനിച്ചു.
2. 2015 മുതൽ 2021 വരെയുള്ള പിഎച്ച്.ഡി വിദ്യാർത്ഥികളുടെ യോഗം വിളിക്കുവാൻ തീരുമാനിച്ചു.
3. RAC കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സംവിധാനം ഒരുക്കാൻ തീരുമാനിച്ചു.

**Item No.15**

ബി എ സംസ്കൃതം ന്യായം വിദ്യാർത്ഥി ജസ്റ്റിൻ പി എം (22KA01NY02) ന് N+1 മാതൃകയിൽ റീ-അഡ്മിഷൻ നല്കുന്നത് സംബന്ധിച്ച് (No. 02602/ACDB2/SSUS/2025 (1))

21.08.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പ്രകാരം, റീ അഡ്മിഷൻ അനുവദിക്കേണ്ടതില്ലെന്നും, റീ അപ്പിയറൻസ് പരീക്ഷകൾ എഴുതാൻ അനുവദിക്കാവുന്നതാണെന്നും തീരുമാനിച്ചു.

**Item No.16**

ബി എ പ്രോഗ്രാം പൂർത്തീകരിക്കുന്നത് സംബന്ധിച്ച് (No. 02102/ACDB3/SSUS/2025 (1))

21.08.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പ്രകാരം, 2020 അഡ്മിഷൻ തിരുവനന്തപുരം പ്രാദോശിക കേന്ദ്രം ബി എ വേദാന്ത വിദ്യാർത്ഥി അഭിഷേക് ആർ നായർക്ക് ബാധകമായ റെഗുലേഷനനുസരിച്ച് ടിയാൾക്ക് മാത്രമായി പ്രോഗ്രാം വിജയകരമായി പൂർത്തീകരിക്കുവാനുള്ള സൗകര്യം ഒരുക്കുന്നത് സംബന്ധിച്ച് വകുപ്പുമേധാവിയുടേയും തിരുവനന്തപുരം പ്രാദേശിക കേന്ദ്രം ടീച്ചർ ഇൻ-ചാർജിന്റേയും അഭിപ്രായം അടിയന്തിരമായി ലഭ്യമാക്കുന്നതിന്

തീരുമാനിച്ചു. പ്രോഗ്രാമിൽ സംഭവിച്ച അപാകതകൾ പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചു.

**Item No.17**

ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിൽ നിലവിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുമായി എം .എ ഹിന്ദി കോഴ്സ് നടത്തുന്നതിനും, എം എ മലയാളം റദ്ദ് ചെയ്തു ഒഴിവിലേക്ക് MSW കോഴ്സ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നതും-സംബന്ധിച്ച്.(No. 02540/ ACDB1/SSUS/2025 (1))

വിദ്യാർത്ഥികൾ കുറവുള്ള കേന്ദ്രങ്ങളിൽ ഹൈബ്രിഡ് മോഡിൽ ക്ലാസ്സുകൽ നടത്തി കോഴ്സുകൾ നിലനിർത്താൻ തീരുമാനിച്ചു.

**Item No.18**

പി എച്ച് ഡി ഫീ ഘടന – ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്. (No. 02442/ ACDC2/ SSUS/ 2023 (1))

21.08.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെശിപാർശ പ്രകാരം താഴെ കൊടുത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. ഗവേഷണ കാലാവധി ദീർഘിപ്പിക്കുന്നതിന് ഓരോ റെഗുലേഷനിലെയും മിനിമം കാലാവധി കഴിഞ്ഞുള്ള ഓരോ വർഷത്തിനും 5000/- രൂപ ഫീസ് ഈടാക്കുന്നത് 28.06.2024 ലെ ഉത്തരവ് ഇറങ്ങിയതിനുശേഷമുള്ള അഡ്മിഷൻ മുതൽ ബാധകമാക്കാൻ തീരുമാനിച്ചു.
2. ഡി രജിസ്ട്രേഷൻ ഫീസ് 28.06.2024 ലെ ഉത്തരവ് ഇറങ്ങിയതിനുശേഷമുള്ള അഡ്മിഷൻ മുതൽ ബാധകമാക്കാൻ തീരുമാനിച്ചു.
3. Re-registration due to discontinuation-നുള്ള ഫീസ് റെഗുലേഷൻ കമ്മറ്റിയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിച്ചു.

**Item No.19**

FYUGP-Inter-disciplinary BA Social Science Programme-സർവകലാശാലയിൽ ആരംഭിക്കുന്നത്-സംബന്ധിച്ച്. (No. 00471/ACDB1/SSUS/2025 (1))

a) സർവകലാശാലയിലെ വിദ്യാർത്ഥി- അധ്യാപക അനുപാതം അക്കാദമിക് അന്തരീക്ഷം മെച്ചപ്പെടുത്തൽ SPACE ALLOTMENT എന്നിവ പഠിക്കുന്നതിന് 07.07.2025 ലെ 228-ാം യോഗ

നടപടി ക്രമം ഇനം (2) പ്രകാരം രൂപീകരിച്ച കമ്മിറ്റി താഴെ കൊടുത്തിരിക്കുന്ന പ്രകാരം പുനഃസംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

1. Sri R Ajayan, Convenor
2. Adv K S Arunkumar
3. Dr B Asok
4. Prof. K Unnikrishnan
5. Dr Omana P V
6. Sri Midhun M

b) FYUGP-Inter-disciplinary B A Social Science Programme സർവകലാശാലയിൽ ആരംഭിക്കൽ, പ്രാദേശിക കേന്ദ്രങ്ങളിലെയും, മുഖ്യ കേന്ദ്രത്തിലെയും വിവിധ കോഴ്സുകൾ എന്നിവ സംബന്ധിച്ച പഠനത്തിനായി മേൽ കമ്മിറ്റിയെ ചുമതലപ്പെടുത്തി.

**Item No.20**

2025-2026 വർഷത്തെ സെമിനാർ, ശിൽപശാല എന്നിവ നടത്തുന്നത് സംബന്ധിച്ച്. (No. 02799/ACDC1/SSUS/2025 (1))

21.08.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെയും, 22.09.2025 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് കമ്മിറ്റിയുടേയും ശിപാർശ പ്രകാരം, സെമിനാർ/ശില്പശാല പ്രൊപ്പോസലുകൾ പരിശോധിക്കുന്ന കമ്മിറ്റി ശിപാർശ ചെയ്ത പ്രൊപ്പോസലുകൾ (21 എണ്ണം) അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No.21**

2025-2026 വർഷത്തെ ADEP പ്രോഗ്രാമുകൾ നടത്തുന്നത് സംബന്ധിച്ച് (No. 03626/ ACDC1/ SSUS/ 2024 (1)

21.08.2025 ലെ അക്കാദമിക് & റിസർച്ച് കമ്മിറ്റിയുടെ ശിപാർശ പ്രകാരം, ADEP പ്രൊപ്പോസലുകൾ പരിശോധിക്കുന്ന കമ്മിറ്റി ശിപാർശ ചെയ്ത 7 പ്രൊപ്പോസലുകൾ അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No.22**

യൂണിവേഴ്സിറ്റി കാമ്പസിനുള്ളിൽ ഒരു ഫുൾ ക്ലൈമാറ്റിക് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആലുവ ഹൈഡ്രോളജി വിഭാഗം നൽകിയ കത്തിൽ തീരുമാനമെടുക്കുന്നത് സംബന്ധിച്ച് (No. 01201/ EST2/SSUS/2025(1)

പരിഗണിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചു.

**Item No.23**

രൂപകൽപന ടെക്നോളജി ബിസിനസ് ഇൻക്യൂബേറ്ററിൽ ഇലക്ട്രിക്ക് കിലനും അനുബന്ധ സാമഗ്രികൾ വാങ്ങുന്നതിനും, കിലൻ്റെ പ്രവർത്തനം സംബന്ധിച്ച് അധ്യാപകർക്കും, വിദ്യാർത്ഥികൾക്കുമുള്ള വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നതിനുമായി M/S രൂപം സെറാമിക്ക് സ്റ്റുഡിയോ, ചെന്നൈക്ക് സപ്ലൈ ഓർഡർ നൽകിയ നടപടിക്ക് സാധൂകരണം നൽകുന്നത് സംബന്ധിച്ച്. (No. 01426 / PLD1 / SSUS / 2023 (1))

07.08.2025 ലെ പ്ലാനിംഗ് & ഡവലപ്പ്മെൻ്റ് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച് ഇലക്ട്രിക് കിലനും അനുബന്ധ സാമഗ്രികളും രൂപം സിറാമിക്സ് വിതരണം ചെയ്തിട്ടില്ല എന്നതിനാൽ വിതരണ ഉത്തരവ് റദ്ദ് ചെയ്യുവാൻ തീരുമാനിച്ചു. കൂടാതെ രൂപകല്പന ഇൻകുബേഷൻ സെൻ്ററിൽ ഗവേണിംഗ് കൗൺസിലിന്റെ ആദ്യ യോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും, ഇൻകുബേഷൻ സെൻ്ററിന്റെ റീ ലോഞ്ചിംഗ് നടത്തുവാനും തീരുമാനിച്ചു. തുടർ പ്രവർത്തനങ്ങളുടെ ആദ്യ നടപടിയായി വിദ്യാർത്ഥികളിൽ നിന്നും നൂതന ആശയങ്ങൾ ക്ഷണിക്കുവാനും അതിൽ നിന്നും തെരഞ്ഞെടുത്തവ റീ ലോഞ്ചിംഗ് പരിപാടിയിൽ അവതരിപ്പിക്കാനും തീരുമാനിച്ചു. ഇതിനോടനുബന്ധിച്ച് Start Up, Incubation എന്നിവ സംബന്ധിച്ച് ഒരു ശില്പശാല നടത്തുവാനും തീരുമാനിച്ചു.

**Item No.24**

സർവകലാശാലയുടെ 2026-2027 സാമ്പത്തിക വർഷത്തെ പ്ലാൻ പ്രൊപ്പോസലുകൾ പരിശോധിക്കുന്നത് സംബന്ധിച്ച് (No. 01755/PLD1/SSUS/2025 (1))

07.08.2025 ലെ പ്ലാനിംഗ് & ഡവലപ്പ്മെൻ്റ് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച്, താഴെ കൊടുത്തിരിക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. 2026-27 സാമ്പത്തിക വർഷത്തെ പ്ലാൻ പ്രൊപ്പോസലുകൾ അംഗീകരിച്ചു.
2. അടിയന്തിര പ്രാധാന്യമുള്ള അറ്റകുറ്റപ്പണികൾക്കായുള്ള പ്രൊപ്പോസലുകൾ ബന്ധപ്പെട്ട സെക്ഷനുകൾക്ക് കൈമാറുവാനും സമയബന്ധിതമായി അത് നിർവ്വഹിക്കുവാൻ നിർദ്ദേശം നല്കുവാനും തീരുമാനിച്ചു.
3. 2025-26 സാമ്പത്തികവർഷത്തെ പദ്ധതികളിൽ ഉൾപ്പെട്ടതും സംസ്ഥാന സർക്കാരിന്റെ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ചവയുടെ പദ്ധതികൾ 2026-27 ൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് തീരുമാനിച്ചു.

4. നോൺ പ്ലാൻ ഇനത്തിൽപ്പെട്ട പ്രൊപ്പോസലുകൾ ഫിനാൻസ് വിഭാഗത്തിന് കൈമാറുവാൻ തീരുമാനിച്ചു.

**Item No.25**

സർവകലാശാല ഫാക്കൽറ്റി ഗസ്റ്റ് ഹൗസിലെ അറ്റകുറ്റപ്പണികൾ നിർവഹിക്കുന്നത് സംബന്ധിച്ച്. (No. 01372/ENGG3/SSUS/2025)

30.06.2025 ലെ വർക്ക്സ് & പർച്ചേസ് കമ്മിറ്റിയുടെയും, 01.07.2025 ലെ ഫിനാൻസ് അക്കൗണ്ട് & ഓഡിറ്റ് കമ്മിറ്റിയുടേയും ശിപാർശകൾ പരിഗണിച്ച്, ഫാക്കൽറ്റി ഗസ്റ്റ് ഹൗസിലെ അറ്റകുറ്റപ്പണികൾ നിർവഹിക്കുന്നതിന് 4,80,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കാൻ തീരുമാനിച്ചു. കൂടാതെ ഫാക്കൽറ്റി ഗസ്റ്റ് ഹൗസിലെ പെയിന്റിംഗ് ഉൾപ്പെടെയുള്ള വർക്കിന്റെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി എത്രയും പെട്ടെന്ന് സമർപ്പിക്കുവാൻ എൻജിനീയറിംഗ് സെക്ഷനെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

**Item No.26**

കൂത്തമ്പല നവീകരണ പ്രവൃത്തിക്കായി തയ്യാറാക്കിയ DPR അംഗീകരിച്ചു പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച്. (No. 01611/ENGG1/SSUS/2025)

വിശദമായ പരിശോധനക്ക് വർക്ക്സ് & പർച്ചേസ് കമ്മിറ്റിയെ ചുമതലപ്പെടുത്തി.

**Item No.27**

സർവകലാശാലയുടെ 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സിൻഡിക്കേറ്റ് മുൻ പാകെ സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. 00915/IA2/SSUS/2024(1))

സർവകലാശാലയുടെ 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അംഗീകരിച്ചു.

**Item No.28**

സർവകലാശാലയുടെ 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുന്നത് സംബന്ധിച്ച്. (No. 02055/IA2/SSUS/2024(1))

സർവകലാശാലയുടെ 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അംഗീകരിച്ചു.

**Item No.29**

തിരൂർ പ്രാദേശിക കേന്ദ്രത്തിൽ 12 ക്ലാസ് റൂമുകളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്ന പ്രവൃത്തിക്കായി Govt. Accredited Agency യെ തീരുമാനിക്കുന്നതു സംബന്ധിച്ച്. (No. 02086/ENGG3/SSUS/2024)

അംഗീകരിച്ചു. അക്രെഡിറ്റേഷൻ വാലിഡിറ്റി എക്സ്റ്റെൻഡ് ചെയ്തിട്ടുള്ളതിന്റെ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് KEL -നെ തിരൂർ പ്രാദേശിക കേന്ദ്രത്തിൽ 12 ക്ലാസ് റൂമുകളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്ന പ്രവൃത്തിയുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് (PMC) ആയി നിയമിക്കാൻ തീരുമാനിച്ചു.

**Item No.30**

സർവകലാശാല അക്കാദമിക് ബ്ലോക്ക് II ന്റെ ഗ്രൗണ്ട് ഫ്ലോറിലെ ക്ലാസ്റൂമുകളിലെയും, ജനറൽ സ്റ്റോറിലെയും ചിതൽ ശല്യം മൂലം കേടായ പാർടീഷൻസ് പുതുക്കിപ്പണിയുന്നതും Antitermite Treatment ചെയ്യുന്നതും സംബന്ധിച്ച് (No. 02505/ENGG3/SSUS/2025)

27.08.2025 ലെ വർക്ക്സ് & പർച്ചേസ് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച് സർവ്വകലാശാല അക്കാദമിക് ബ്ലോക്ക് II ന്റെ ഗ്രൗണ്ട് ഫ്ളോറിലെയും ജനറൽ സ്റ്റോറിലെയും ചിതൽ ശല്യം മൂലം കേടായി പാർട്ടീഷൻസ് പുതുക്കി പണിയുന്നതിനായി Ant Termite Treatment ചെയ്യുന്നതിന് തീരുമാനിച്ചു.

**Item No.31**

'പൂർണ്ണ' , 'നിള' ഹോസ്റ്റലുകളിലെ ടെറസ്സുകളിൽ ANTI BIRD NET സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട്. (No. 03112/ENGG3/SSUS/2025)

'പൂർണ്ണ' , 'നിള' ഹോസ്റ്റലുകളിലെ ടെറസ്സുകളിൽ ANTI BIRD NET സംവിധാനം ഒരുക്കുന്നതിനായി HDPE നെറ്റ് സ്ഥാപിച്ചുകൊണ്ട് മേല്പറഞ്ഞ ടെറസുകളിൽ പ്രാവുകളും മറ്റ് പക്ഷികളും പ്രവേശിക്കുന്നത് തടയുന്നതിന് സമർപ്പിച്ചിട്ടുള്ള 3,23,000/- (മൂന്ന് ലക്ഷത്തി ഇരുപത്തിമൂവ്വായിരം രൂപ) എസ്റ്റിമേറ്റ് അംഗീകരിച്ച് തുടർനടപടികൾ കൈക്കൊള്ളുന്നതിന് തീരുമാനിച്ചു.

**Item No.32**

